# വചന വിചിന്തനം : ജനുവരി 25 ഞായർ, 2009

**യോഹ. 1: 29**

''ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ''...

ബലിയും കുഞ്ഞാടും പാപപരിഹാരത്തിന്റെയും ദൈവപ്രീതിയുടെയും ഓർമ്മകളുടെയത്രയും തന്നെ പഴക്കമുള്ളതാണ്. പാപ പരിഹാരത്തിനുവേണ്ടി ജനങ്ങളുടെ മുമ്പിൽ വച്ച്, അവരുടെയൊക്കെ പാപങ്ങൾ ആരോപിക്കപ്പെട്ട് ദഹന ബലിയായിത്തീരുന്ന ആട് എന്ന സങ്കല്പം ഒരു പക്ഷേ ആചാരങ്ങളുടെ തലത്തിൽ നിന്നു മാറിയാൽ യുക്തിയുടെ മേഖലയിൽ വിമർശിക്കപ്പെട്ടേക്കും. എങ്കിലും അതൊരു പ്രതീകാത്മകമായ അർപ്പണമാകുമ്പോൾ അതിനെ മുഖവിലയ്ക്ക് എടുക്കേണ്ടതുണ്ട്.

പരിഹാര ബലി അർപ്പിക്കുന്നവന് അവന്റെ എല്ലാ പാപങ്ങളും അധർമ്മങ്ങളും നിറഞ്ഞ ഹൃദയം ഉപേക്ഷിക്കാനുള്ള തീരുമാനത്തിന്റെ പ്രതീകമായിട്ടാണ് കുഞ്ഞാടിനെ ദഹന ബലി ചെയ്യുന്നത്. ഈ കുഞ്ഞാട് കത്തിച്ചാമ്പലാകുന്നതുപോലെ അർപ്പകന്റെ പാപ മാലിന്യങ്ങൾ നിറഞ്ഞ ഹൃദയവും അതോടൊപ്പം ഉരുകിത്തീരുകയാണ്.

കുഞ്ഞാട് ദഹനബലിയാകുന്നതിലൂടെ ഹൃദയത്തെ വിശുദ്ധീകരിക്കുന്ന അർപ്പകൻ. അതുപോലെ, ലോകത്തിന്റെ മുഴുവൻ പാപങ്ങളിൽ നിന്ന് അതിനെ മുക്തമാക്കി വിശുദ്ധീകരിക്കാൻ ഒരു ദിവ്യകുഞ്ഞാട്; ഈ യാഗത്തെകുറിച്ച് പരാമർശിച്ചുകൊണ്ടാണ് യേശുവിന്റെ ചരിത്രപ്രവേശത്തെ ഏശയ്യാ പ്രവാചകൻ അവതരിപ്പിക്കുന്നത്.

ഏശയ്യാ. 53:5-

നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടിയാണ് അവൻ മുറിവേല്പിക്കപ്പെട്ടത്.. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവൻ മൗനം പാലിച്ചു (V.7). പാപപരിഹാര ബലിയായി അവൻ തന്നെ തന്നെ സമർപ്പിക്കുമ്പോൾ... കർത്താവിന്റെ ഹിതം അവനിലൂടെ നിറവേറി (V. 10).

സുവിശേഷങ്ങളുടെ ആരംഭത്തിൽ അവന് വഴിയൊരുക്കാൻ വന്ന യോഹന്നാനും ഇതേ വാക്കുകളിലൂടെയാണ് ക്രിസ്തുവെന്ന ബലികുഞ്ഞാടിനെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്;

''ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്''.

ക്രിസ്തുവിന്റെ കാലത്തിൽ ജീവിക്കാൻ ഭാഗ്യം കിട്ടാത്തവരും തലമുറക്ക് ഒരാൾ ക്രിസ്തുവിനെപ്പറ്റി പറഞ്ഞുകൊടുക്കുന്നതും ഇതേ ഓർമ്മതുണ്ടുകളിലൂടെയാണ്;

അപ്പ. 8:26 - എത്യോപ്യാക്കാരൻ, രാജ്ഞിയുടെ ഭണ്ഡാര വിചാരിപ്പുകാരൻ ഷണ്ഡന്, പീലിപ്പോസ് വി. ഗ്രന്ഥഭാഗം (ഏശ. 53. അവൻ കൊലക്കളത്തിലേക്ക് പോകുന്ന കുഞ്ഞാടിനെപ്പോലെ....) വായിച്ച് ക്രിസ്തുവിനെപ്പറ്റി പറഞ്ഞുകൊടുക്കുകയാണ്. മറ്റൊരാൾക്ക് ഏറ്റം ഹൃദ്യമായി ക്രിസ്തു പങ്കുവയ്ക്കപ്പെടുന്നത് അവൻ ബലിക്കുഞ്ഞാടായിരുന്നു എന്ന രൂപ കല്പനയിലൂടെയാണ്.

ഇതിനർത്ഥം, ക്രിസ്തുവിനെപ്പറ്റിയുള്ള പ്രവചനങ്ങളും പരിചയപ്പെടുത്തലുകളും ഓർമ്മപുതുക്കലുകളുമെല്ലാം അവൻ ബലി ചെയ്യപ്പെട്ട കുഞ്ഞാടായിരുന്നു എന്ന സത്യത്തിന്റെ വെളിപാടുകൾ മാത്രമാണ്.

കുഞ്ഞാടിനെ ബലി ചെയ്യുന്ന ചരിത്രം ഉല്പത്തി പുസ്തകത്തിൽ, ആബേലിന്റെ അർപ്പണം തൊട്ടുതുടങ്ങുകയാണ്. ഹൃദയമെടുത്തു ബലിപീഠത്തിൽ വയ്ക്കുന്നതിനുപകരം, ഹൃദയത്തോടു ചേർത്തുവച്ചിരുന്ന കുഞ്ഞാടിനെ ബലി ചെയ്തു എന്ന വിശുദ്ധഗ്രന്ഥ സാക്ഷ്യം മനസ്സിനെ സ്ഫുടം ചെയ്യുന്നുണ്ട്.. പിന്നീട് ഈ അർപ്പണത്തിന്റെ വഴികൾ നീളുന്നത് അബ്രാഹത്തിലേക്ക്. മലയേറി വരുമ്പോൾ ബലിപീഠത്തിൽ അർപ്പിക്കേണ്ട കുഞ്ഞിന്റെ കൈ പിടിച്ചു, ഹൃദയം പറിച്ചെടുത്തു കൊടുക്കുന്നതുപോലെ ബലിദാനത്തിനു തയ്യാറാകുന്നവൻ. പക്ഷേ ഈ തെളിമയുള്ള ഹൃദയത്തിന്റെ ആത്മാർത്ഥത കണ്ട് കുഞ്ഞിനു പകരം കുഞ്ഞാടിനെ സ്വീകരിക്കുന്ന ദൈവം.(ഉത്പ. 22:13).

ഹൃദയം സുതാര്യമാണെങ്കിൽ സ്വന്തം കുഞ്ഞും കുഞ്ഞാടും ഒരു പോലെയാണെന്ന ദൈവത്തിന്റെ ഈ പ്രമാണമാണ് ആരാധകന്റെ അർപ്പണത്തിന് അടിസ്ഥാനം.

അതായത്, ബലിയർപ്പണത്തിന്റെ അന്ത:സത്ത ദൈവത്തിന്റെ ഇഷ്ടത്തോട് നിന്റെ ഹൃദയം ചേർത്തുവയ്ക്കുക എന്നതാണ്. അതുകൊണ്ടാണ് ബലികുഞ്ഞാടായ തമ്പുരാൻ ''ഇതാ നിന്റെ ഇഷ്ടം നിറവേറ്റാൻ ഞാൻ വന്നിരിക്കുന്നു'' എന്നു പ്രഖ്യാപിക്കുന്നത്. ഗത്സമേനിലും കുരിശുലുമൊക്കെ ചിതറപ്പെടുമ്പോഴും പിതാവിന്റെ ഇഷ്ടം തിരഞ്ഞവന് അവന്റെ ശരീരം സമർപ്പിക്കുന്നത് എത്രയോ ആയാസരഹിതമായിരുന്നു.

''അനന്തരം അവൻ തലചായ്ച്ചു മരിച്ചു''- എന്ന വചനമൊഴി അമ്മയുടെ മാറിലേക്ക് ചാരി മയങ്ങുന്ന കുഞ്ഞിനെ ഓർമ്മിപ്പിക്കുന്നില്ലേ?

എല്ലാ അപാരധങ്ങളുടെയും കണക്കെടുപ്പിൽ അവശേഷിക്കുന്ന സത്യം ദൈവത്തിന്റെ ഇഷ്ടങ്ങളെ കണക്കിലെടുത്തില്ല എന്ന നേർവായനയാണ്. അതുകൊണ്ടാണ് സ്വന്തം ഇഷ്ടങ്ങളെ ബലി ചെയ്യണം എന്നു ക്രിസ്തു പഠിപ്പിക്കുക.

സഹനവഴികളിലെ ഇടർച്ചകളെ ഓർത്തു കൊണ്ടുവേണം ഈ വചനചിന്ത പൂർണ്ണമാകേണ്ടത്. നിന്റെ ഇഷ്ടങ്ങളല്ലാത്ത സഹനങ്ങൾ, ദൈവത്തിന്റെ ഹിതമാണെങ്കിൽ സ്തന്യംപോലെ കുടിച്ചുതീർക്കാമെന്ന് മനസ്സിനെ പാകപ്പെടുത്തുന്നതാണ് ബലിക്കു തയ്യാറാകുന്ന കുഞ്ഞാട്. ലോകത്തിന്റെ പാപങ്ങൾ - ദൈവത്തിന്റെ ഇഷ്ടത്തിന് എതിരായവ - മാറ്റുന്ന കുഞ്ഞാട് എന്നാൽ ദൈവത്തിന്റെ മനസ്സോട് ചേർന്നു നടക്കുന്നവൻ എന്നർത്ഥം. അങ്ങനെയുള്ളവന് കുരിശുമരംപോലും അമ്മയുടെ മടിത്തട്ടാകും എന്ന് ഓർമ്മയിൽ സൂക്ഷിക്കാം.

**ഫാ. അലക്സ് വേലച്ചേരിൽ**